പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 619 — 29.06.2011-ൽ മറുപടിക്ക്

## പരിയാരം -കോടശ്ശേരി സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | മറുപടി<br>ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ചാലക്കുടി മണ്ഡലത്തിലെ പരിയാരം, കോടശ്ശേരി സമഗ്ര കുടിവെള്ള പദ്ധതിക്കു വേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) ചാലക്കുടി മണ്ഡലത്തിലെ പരിയാരം, കോടശ്ശേരി സമഗ്ര കുടിവെള്ള പദ്ധതിക്കു വേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;<br><br>(സി) നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) & (സി) ചാലക്കുടി മണ്ഡലത്തിലെ പരിയാരം, കോടശ്ശേരി, എലഞ്ഞിപ്ര, കുറ്റിച്ചിറ എന്നീ വില്ലേജുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയായ കോടശ്ശേരി, പരിയാരം ശുദ്ധജല വിതരണ പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ശുദ്ധ ജല വിതരണ ശൃംഖലയുടെ സർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജല ശുദ്ധീകരണശാല, ജലസംഭരണികൾ, കിണർ എന്നിവയ്ക്ക് വേണ്ടിയുള്ള സ്ഥലങ്ങൾ പഞ്ചായത്തിൽ നിന്നും കേരള വാട്ടർ അതോറിറ്റിക്കു കൈമാറ്റപ്പെട്ടിട്ടില്ല. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കി സർവ്വേ ജോലികൾ പൂർത്തീകരിച്ച് നിലവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 70 എൽ പി സി ഡി നിരക്കിൽ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ആയതിന് അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ